ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതനുസരിച്ച് 2014 ഒക്ടോബർ മാസം 28-ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ ആരോഗ്യ വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഡി.പി.-യുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ആരോഗ്യ വകുപ്പിന് ആവശ്യമുള്ള മരുന്നുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഇതിനായി കെ.എസ്.ഡി.പി.-യ്ക്ക് അടിയന്തിരമായി 5 കോടി രൂപ വ്യവസായ വകുപ്പിന്റെ തനതു ഫണ്ടിൽ നിന്ന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന് വിതരണം ചെയ്യുന്ന മരുന്നുകളുടെ വില താമസം കൂടാതെ കെ.എസ്.ഡി.പി.-ക്ക് നൽകുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് പൊതുജനങ്ങൾക്ക് മരുന്ന്, വില കുറച്ച് ലഭ്യമാക്കുവാൻ കാരുണ്യ, മാവേലി, നീതി മെഡിക്കൽ ഷോപ്പുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ രോഗികൾക്ക് കമ്പോള വിലയേക്കാളും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ സൗജന്യമായി ജനറിക് മെഡിസിനുകൾ സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മനുഷ്യരിലെ മരുന്ന് പരീക്ഷണം

132 (2687) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മനുഷ്യരിൽ മരുന്ന് പരീക്ഷണം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കാമോ ;

(ബി) മരുന്ന് കമ്പനികളുടെ പ്രലോഭനത്തിന് വഴങ്ങി അനാവശ്യ മരുന്നുകൾ രോഗികളിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ മെഡിക്കൽ കൗൺസിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ നിയമ നിർമ്മാണത്തിന് സമ്മർദ്ദം ചെലുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) Drugs and Cosmetics Rules 1945 ലെ Scheduled Y പ്രകാരം Clinical trial സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Central Drugs Standard Control Organisation (CDSCO) Institutional Review Board, Ethical Committee എന്നിവയുടെ കർശന നിരീക്ഷണത്തിലാണ് രാജ്യത്ത് Clinical Trial -കൾ നടത്തി വരുന്നത്. സംസ്ഥാനത്ത് Sreechithra Medical Centre, Regional Cancer Centre തുടങ്ങിയ സ്ഥാപനങ്ങളിലും, കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ക്ലിനിക്കൽ ട്രയലുകളും നടത്തിവരുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളും റിപ്പോർട്ടുകളും മേൽപ്പറഞ്ഞ കമ്മിറ്റികൾ കാലകാലങ്ങളിൽ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുമെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് വകപ്പിനോ സംസ്ഥാന സർക്കാരിനോ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരമില്ല.

(ബി) സംസ്ഥാനത്ത് ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്തുന്നത് Directorate of Health Services, (DHS), Directorate of Medical Education(DME), Indian Medical Association (IMA) എന്നീ സ്ഥാപനങ്ങൾ ആണ്. രോഗികൾക്ക് അനാവശ്യമായോ നിയമവിരുദ്ധമായോ മരുന്നുകൾ നൽകുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ നടപടി സ്വീകരിക്കേണ്ടത് ഇന്ത്യൻ മെഡിക്കൽ കൗൺസിലാണ്.

(സി) രാജ്യത്ത് മരുന്നുകളുടെ ഉൽപ്പാദനം, വിതരണം എന്നിവ നിയന്ത്രിക്കുന്ന ശക്തമായ നിയമനിർമ്മാണം നിലവിലുണ്ട്. എന്നാൽ ചികിത്സയുടെ ഭാഗമായി രോഗികൾക്ക് മരുന്ന് നിശ്ചയിക്കുക എന്നത് അതാത് ഡോക്ടർമാരുടെ പൂർണ്ണ അധികാരത്തിലുള്ളതാണ്. ഇതിൽ പാകപ്പിഴ വന്നാൽ നടപടികൾ സ്വീകരിക്കാൻ Indian Medical Council-നും IMA-യ്ക്കും അധികാരമുണ്ട്.